## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ
## (ഹാജർ: ഡോ.അദീല അബ്ദുള്ള IAS)

തിരുവനന്തപുരം

**ഉത്തരവ് നം: E7-6956/21** **തീയതി: 12/10/2021**

വിഷയം:- വനിത ശിശുവികസന വകുപ്പ് - ജീവനക്കാര്യം - വനിതാ ശിശു വികസന വകുപ്പിനു കീഴിലുള്ള ഹോമുകളിൽ സേവനമനുഷ്ഠിക്കുന്ന പ്രൊബേഷൻ ഓഫീസർ ഗ്രേഡ് 2 തസ്തികയിലെ ജീവനക്കാരുടെ ഡ്യൂട്ടി സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന :- 1. 21/10/2019 തിയതിയിലെ സഉ(പി) 10/2019 സാനീവ നമ്പർ ഉത്തരവ്.

2. സാമൂഹ്യ നീതി ഡയറക്ടറുടെ 11/08/2020തിയതിയിലെ SJD/2048/2020-C1 നമ്പർ ഉത്തരവ്.

3. സാമൂഹ്യ നീതി ഡയറക്ടറുടെ 22/03/2021 തിയതിയിലെ SJD/2048/2020-C2 നമ്പർ കത്ത്

4. 27/06/2021 തിയതിയിലെ സഉ(സാധാ) 440/2021/സാനീവ നമ്പർ ഉത്തരവ്.

സൂചന (1) സർക്കാർ ഉത്തരവ് പ്രകാരം സാമൂഹ്യനീതി വകുപ്പിന് അനുവദിക്കപ്പെട്ടിട്ടുള്ള 23 പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II തസ്തികകളിൽ 5 എണ്ണം എക്സ് കേഡർ തസ്തികയായി വനിതാ ശിശു വികസന വകുപ്പിലെ തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ ചിൽഡ്രൻസ് ഹോമുകളിൽ അനുവദിച്ചിട്ടുണ്ട്. സാമൂഹ്യ നീതി വകുപ്പിൽ പ്രൊബേഷൻ സംവിധാനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജീവനക്കാരുടെ എണ്ണം കുറവായതിനാൽ വനിതാ ശിശു വികസന വകുപ്പിനു കീഴിൽ എക്സ് കേഡർ തസ്തികയിൽ പ്രവർത്തി എടുക്കുന്ന പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II ജീവനക്കാരെ കൂടി ഉൾപ്പെടുത്തി അധികാര പരിധി നിർണയിച്ചു കൊണ്ട് സൂചന (2) പ്രകാരം ഉത്തരവാകുകയും അതിന്റെ അടിസ്ഥാനത്തിൽ ഈ വകുപ്പിൽ പ്രവൃത്തി എടുക്കുന്ന പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II ജീവനക്കാരോട് പ്രസ്തുത ഹോമുകളിലെ സേവനങ്ങൾക്ക് വിഘ്നം വരാത്ത നിലയിൽ മേൽ സൂചിപ്പിച്ച തരത്തിലുള്ള സാമൂഹ്യനീതി വകുപ്പിന്റെ ജോലി കൂടി ചെയ്യുന്നതിന് ആവശ്യമായ നിർദ്ദേശം നൽകണമെന്ന് സാമൂഹ്യനീതി ഡയറക്ടർ സൂചന (3) പ്രകാരം ആവശ്യപ്പെട്ടിരുന്നു. വിഷയം സർക്കാർ പരിശോധിക്കുകയും സാമൂഹ്യനീതി വകുപ്പിൽ ജില്ലാ തലത്തിനു കീഴിൽ ഓഫീസ് സംവിധാനത്തിന്റെ അഭാവവും പ്രൊബേഷൻ സംവിധാനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജീവനക്കാരുടെ എണ്ണം കുറവായതും കണക്കിലെടുത്ത് എക്സ് കേഡർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന പ്രൊബേഷൻ ഓഫീസർ ഗ്രേഡ് 2 ജീവനക്കാരുടെ അധികാര പരിധി നിർണയിച്ചു കൊണ്ട് സാമൂഹ്യ നീതി ഡയറക്ടർ പുറപ്പെടുവിച്ച നടപടിക്രമം അംഗീകരിച്ച് സൂചന(4) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ വനിതാ ശിശു വികസന വകുപ്പിനു കീഴിൽ എക്സ് കേഡർ തസ്തികയിൽ പ്രവർത്തി എടുക്കുന്ന പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II തസ്തികയിലെ ജീവനക്കാർ ബന്ധപ്പെട്ട ഹോമുകളിലെ സേവനങ്ങൾക്ക് വിഘ്നം വരാത്ത നിലയിൽ ചുവടെ പറയും പ്രകാരം സാമൂഹ്യനീതി വകുപ്പിലെ ഡ്യൂട്ടി കൂടി നിർവഹിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര് | പ്രൊബേഷൻ ഓഫീസറുടെ അധികാര പരിധി |
|---|---|---|---|
| 1 | സ്പെഷ്യൽ ഹോം & ചിൽഡ്രൻസ് ഹോം, തിരുവനന്തപുരം | രമ്യ.ആർ | ചിറയിൻകീഴ് താലൂക്ക് |

| | | | |
|---|---|---|---|
| 2 | ചിൽഡ്രൻസ് ഹോം, കോട്ടയം | മായമോൾ.വികെ | മീനച്ചിൽ, കാഞ്ഞിരപ്പള്ളി താലൂക്കുകൾ |
| 3 | ചിൽഡ്രൻസ് ഹോം, എറണാകുളം | അനവദ്യ.എം.റ്റി | കണയന്നൂർ, പറവൂർ,കൊച്ചി,കുന്നത്ത്നാട് താലൂക്കുകൾ |
| 4 | ചിൽഡ്രൻസ് ഹോം, തൃശ്ശൂർ | ബെൻസൺ ഡേവിസ് | ചാലക്കുടി, മുകുന്ദപുരം താലൂക്കുകൾ |

(ഒപ്പ്)
വനിത ശിശുവികസന ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

<u>പകർപ്പ്:</u>

1.സാമൂഹ്യനീതി ഡയറക്ടർ(ആമുഖകത്ത് സഹിതം)
2.എല്ലാ ജില്ലാ ഓഫീസർമാർക്കും
3.ബന്ധപ്പെട്ട സ്ഥാപന മേധാവിമാർക്ക്
4.സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്